(സി) ഇതിനായി 2012-13 ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിരുന്നെന്നും, അതിൽ എത്രതുക ചെലവഴിച്ചെന്നും എത്ര കുളങ്ങൾ നവീകരിക്കാൻ ഉദ്ദേശിച്ചിരുന്നതെന്നും എത്രയെണ്ണമാണ് നവീകരിച്ചതെന്നും വിശദമാക്കുമോ;

(ഡി) നിലവിൽ സംസ്ഥാനത്ത് ആകെയുള്ള കുളങ്ങളുടെയും ജലസ്രോതസ്സുകളുടെയും ആധികാരിക കണക്കുകൾ ലഭ്യമാണോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്താകെ 40,024 പൊതു ജലാശയങ്ങൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. സ്വകാര്യമേഖലയിലെ പൊതു ജലാശയങ്ങൾ സംബന്ധിച്ച വിവരം കണക്കാക്കിയിട്ടില്ല. കേരള ഇലക്ട്രിസിറ്റി ബോർഡിന്റേതുൾപ്പെടെ ആകെ 53 ജലസംഭരണികൾ ഉണ്ട്. അവയുടെ മൊത്തം സംഭരണശേഷി 5600mm^3 ആണ്.

(ബി) ചെയ്തിട്ടുണ്ട്.

(സി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം 354 കുളങ്ങൾ നവീകരിക്കുന്നതിനായി 72.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 194 കുളങ്ങൾ നവീകരിച്ചു. റെനവേഷൻ ഓഫ് ടാങ്ക്സ് ആന്റ് പോണ്ട്/ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി എന്നിവയ്ക്കായി 31-10-2015 വരെ 22,14,43,786 രൂപ ചെലവഴിച്ചിട്ടുണ്ട്. (4702-00-101-87-01 Renovation of ponds).

(ഡി) ലഭ്യമാണ്. സംസ്ഥാനത്താകെ 40,024 പൊതുകുളങ്ങൾ ഉള്ളതായും 44 നദികളിലായി 39111 കി.മി. വൃഷ്ടി പ്രദേശമുള്ളതായും കണക്കാക്കിയിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ ഇരുമ്പോത്തിങ്കൽ കടവിൽ റഗുലേറ്റർ-കം-ബ്രിഡ്ജ്

190 (879) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തേഞ്ഞിപ്പാലം - വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഇരുമ്പോത്തിങ്കൽ കടവിൽ റഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ ആയത് ലഭ്യമായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി&സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് അനുസരിച്ചുള്ള ഡിസൈൻ അംഗീകാരത്തോടെ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജ്

191 (880) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിലെ ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം എപ്പോൾ പുനരാരംഭിക്കും എന്ന് വ്യക്തമാക്കാമോ; എത്ര ശതമാനം നിർമ്മാണമാണ് ഇതുവരെ പൂർത്തിയായിട്ടുള്ളത്;

(ബി) ഈ പ്രവൃത്തിയുടെ ഭരണാനുമതി തുകയും സാങ്കേതികാനുമതി തുകയും എത്രയാണ് ; ഈ പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം തുടങ്ങിയത് എന്നാണ്; ഈ പ്രവൃത്തി നീണ്ടുപോകാനുള്ള കാരണം എന്താണ്; ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിക്ക് സപ്ലിമെന്ററി ഉടമ്പടി ഒപ്പുവയ്ക്കുവാൻ കരാറുകാരനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കരാർ ഉടമ്പടി പ്രകാരം മാത്രമെ പണി പുനരാരംഭിക്കുന്ന തീയതി കണക്കാക്കാൻ സാധിക്കുകയുള്ളൂ. ബാലൻസ് പ്രവൃത്തിയുടെ 20% ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly